# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.- കെ.റ്റി.എം.പി15/777/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 26/05/2022
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

2.അസി.ഡവലെപ്മെന്റ് കമ്മീഷണർ (ജനറൽ) കോട്ടയം

3.ഓഫീസ് കോപ്പി

നമ്പർ: കെ.എസ്.എ.- കെ.റ്റി.എം.പി15/777/2022

തീയ്യതി: 26/05/2022

## കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-10-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 07-05-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ഷൈജു എസ്. | സീനിയർ ഡെപ്യൂട്ടി | 25-04-2022 | 07-05-2022 |

| | | | |
|---|---|---|---|
| | ഡയറക്ടർ | | |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 25-04-2022 | 07-05-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.പ്രസാദ് പി ജി, ഓഡിറ്റ് ഓഫീസർ, ഹയർ ഗ്രേഡ്
ശ്രീമതി ലേഖ വി, ഓഡിറ്റ് ഓഫീസർ ( 04.05.2022 മുതൽ 07.05.2022 വരെ)
ശ്രീ.രാജേഷ് എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.രഞ്ചിത് എം, സീനിയർ ഗ്രേഡ് ഓഡിറ്റർ ( 04.05.2022 മുതൽ 07.05.2022 വരെ)
ശ്രീ.എമിൽ റ്റി ഏബ്രഹാം, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സോഫി ജോസഫ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.എൻ.രാജേഷ് | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.അനിത എ വി | കൃഷി അസി.ഡയറക്ടർ | 01-04-2019 | 31-03-2020 |
| ശ്രീ.രാജൻ.കെ.വി. | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ. | 01-04-2019 | 31-03-2020 |
| ഡോ.തോമസ് മത്തായി | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി മുണ്ടക്കയം. | 01-04-2019 | 10-04-2019 |
| ഡോ.സാലി സഖറിയ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി മുണ്ടക്കയം. | 11-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ഡോ.സീന ഇസ്മായിൽ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി എരുമേലി. | 01-04-2019 | 31-03-2020 |
| ഡോ.പ്രസൂൺ മാത്യൂ.എം. | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി കൂട്ടിക്കൽ. | 01-04-2019 | 31-03-2020 |
| ശ്രീ.അജിമോൻ.ടി.എസ്. | പട്ടികജാതിവികസന ഓഫീസർ. | 01-04-2019 | 16-10-2019 |
| ശ്രീ.അനീഷ് ബി നായർ | പട്ടികജാതിവികസന ഓഫീസർ. | 17-10-2019 | 31-03-2020 |
| ശ്രീമതി.ജിസ്സ ജോസഫ് | ക്ഷീരവികസന ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി ബീനാമ്മ ജേക്കബ്. | ശിശുവികസന പ്രോജക്റ്റ് ഓഫീസർ, കാഞ്ഞിരപ്പള്ളി. | 01-04-2019 | 31-03-2020 |
| ശ്രീമതി ഷൈല കെ.ജി. | ശിശുവികസന പ്രോജക്റ്റ് ഓഫീസർ, മുണ്ടക്കയം. | 01-04-2019 | 31-03-2020 |
| ഡോ.ഡെന്നിസ് തോമസ് | സീനിയർ വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീ.നിസ്സാർ.ടി.എ. | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.ദീപ.ടി.ആർ. | അസി.എക്സിക്യൂട്ടീവ് എൻജിനീയർ, എൽ.എസ്.ജി.ഡി | 01-04-2019 | 28-07-2019 |
| ശ്രീമതി.സബിത എസ് | അസി.എക്സിക്യൂട്ടീവ് എൻജിനീയർ, എൽ.എസ്.ജി.ഡി | 29-07-2019 | 15-01-2020 |
| ശ്രീ.നിബു കുര്യൻ | അസി.എക്സിക്യൂട്ടീവ് എൻജിനീയർ, | 16-01-2020 | 06-02-2020 |

| | | | |
|---|---|---|---|
| | എൽ.എസ്.ജി.ഡി | | |
| ശ്രീ.പ്രസാദ് പി | അസി.എക്സിക്യൂട്ടീവ് എൻജിനീയർ, എൽ.എസ്.ജി.ഡി | 07-02-2020 | 31-03-2020 |
| ശ്രീ.ടി.പദ്മകുമാർ | അസിസ്റ്റന്റ് എൻജിനീയർ എൽ.എസ്.ജി.ഡി. | 01-04-2019 | 27-09-2019 |
| ശ്രീ.സലീൽ ക്ലീറ്റസ് | അസിസ്റ്റന്റ് എൻജിനീയർ എൽ.എസ്.ജി.ഡി. | 28-09-2019 | 13-11-2019 |
| ശ്രീമതി.ഷെറിൻ അമ്പിളി ജെയിംസ് | അസിസ്റ്റന്റ് എൻജിനീയർ എൽ.എസ്.ജി.ഡി. | 14-11-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്-വിശകലനം<br>Written By: Emil T Abraham (Senior Grade Auditor, On 26-04-2022)<br>Last Updated By: Emil T Abraham (Senior Grade Auditor, On 05-05-2022) | 1-1 |
| 2 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: Emil T Abraham (Senior Grade Auditor, On 26-04-2022)<br>Last Updated By: Sinimol Francis (Computer Assistant, On 25-05-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Emil T Abraham (Senior Grade Auditor, On 26-04-2022)<br>Last Updated By: Sinimol Francis (Computer Assistant, On 25-05-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Emil T Abraham (Senior Grade Auditor, On 28-04-2022)<br>Last Updated By: Sinimol Francis (Computer Assistant, On 25-05-2022) | 1-4 |
| 5 | വാർഷികപദ്ധതി അവലോകനം.<br>Written By: Prasad P G (Audit Officer, On 10-05-2022)<br>Last Updated By: Sinimol Francis (Computer Assistant, On 25-05-2022) | 1-5 |
| 6 | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പുപദ്ധതി<br>Written By: Emil T Abraham (Senior Grade Auditor, On 26-04-2022)<br>Last Updated By: Sinimol Francis (Computer Assistant, On 25-05-2022) | 1-6 |
| 7 | സാമൂഹ്യസുരക്ഷ പദ്ധതികൾ<br>Written By: Emil T Abraham (Senior Grade Auditor, On 26-04-2022)<br>Last Updated By: Sinimol Francis (Computer Assistant, On 26-05-2022) | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Emil T Abraham (Senior Grade Auditor, On 26-04-2022)<br>Last Updated By: Sinimol Francis (Computer Assistant, On 25-05-2022) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം.<br>Written By: Prasad P G (Audit Officer, On 10-05-2022)<br>Last Updated By: Sinimol Francis (Computer Assistant, On 25-05-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Emil T Abraham (Senior Grade Auditor, On 26-04-2022)<br>Last Updated By: Sinimol Francis (Computer Assistant, On 25-05-2022) | 1-10 |
| 11 | പാലിയേറ്റീവ് കെയർ - 525000/- രൂപയുടെ ചെലവ് വിവരങ്ങൾ ലഭ്യമല്ല.<br>Written By: Prasad P G (Audit Officer, On 09-05-2022)<br>Last Updated By: Sinimol Francis (Computer Assistant, On 25-05-2022) | 1-11 |
| 12 | തുമ്പൂർമൂഴി മോഡൽ മാലിന്യസംസ്കരണപ്ലാന്റ്-നിഷ്ക്രിയാവസ്ഥയിൽ.<br>Written By: Prasad P G (Audit Officer, On 09-05-2022)<br>Last Updated By: Sinimol Francis (Computer Assistant, On 25-05-2022) | 1-12 |
| 13 | സംയുക്ത പ്രോജക്ടുകൾക്കായി ഗ്രാമപഞ്ചായത്തുകൾക്ക് തുക കൈമാറൽ - പൂർത്തീകരണ/വിനിയോഗ വിവരങ്ങൾ ലഭ്യമല്ല<br>Written By: Prasad P G (Audit Officer, On 09-05-2022)<br>Last Updated By: Sinimol Francis (Computer Assistant, On 26-05-2022) | 1-13 |
| 14 | ആനക്കല്ല് നരിവേലി ജലസേചനം - പൊതുകിണർ നിർമ്മാണവും മണ്ണ് സംരക്ഷണവും -പ്രവൃത്തി പൂർത്തീകരിച്ചതിന്റെ | 1-14 |

| | | |
|---|---|---|
| | വിശദാംശങ്ങളില്ല.<br>Written By: Lekha V (Audit Officer, On 08-05-2022)<br>Last Updated By: Sinimol Francis (Computer Assistant, On 25-05-2022) | |
| 15 | താഴത്തുകാവ് കോളനി മണ്ണ് സംരക്ഷണം -പൂർത്തീകരണം- അപാകതകൾ.<br>Written By: Lekha V (Audit Officer, On 08-05-2022)<br>Last Updated By: Sinimol Francis (Computer Assistant, On 25-05-2022) | 1-15 |
| 16 | അങ്കണവാടി പോഷകാഹാരം , ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് - ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: Emil T Abraham (Senior Grade Auditor, On 06-05-2022)<br>Last Updated By: Sinimol Francis (Computer Assistant, On 26-05-2022) | 1-16 |
| 17 | കർഷക ഗ്രൂപ്പുകൾക്ക് റിവോൾവിംഗ് ഫണ്ട്- തുടർനിരീക്ഷണം കാര്യക്ഷമമാകണം<br>Written By: Emil T Abraham (Senior Grade Auditor, On 06-05-2022)<br>Last Updated By: Ranjith M (Senior Grade Auditor, On 26-05-2022) | 1-17 |
| 18 | തെറ്റായി ബിൽ തയ്യാറാക്കിയതിലൂടെ കരാറുകാരന് അധികതുക നല്കി<br>Written By: Rajesh M (Asst. Audit Officer, On 07-05-2022)<br>Last Updated By: Sinimol Francis (Computer Assistant, On 26-05-2022) | 1-18 |
| 19 | ദീർഘീകരണത്തിന് അപേക്ഷപോലും നല്കാത്ത കരാറുകാരനിൽ നിന്നും ഈടാക്കിയത് നാമമാത്രപിഴ<br>Written By: Rajesh M (Asst. Audit Officer, On 07-05-2022)<br>Last Updated By: Sinimol Francis (Computer Assistant, On 26-05-2022) | 1-19 |
| 20 | റോഡ് ടാറിംഗ് പ്രവൃത്തി-കാലി ബാരലിന്റെ വില ഈടാക്കിയില്ല<br>Written By: Rajesh M (Asst. Audit Officer, On 07-05-2022)<br>Last Updated By: Sinimol Francis (Computer Assistant, On 26-05-2022) | 1-20 |
| 21 | ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് മുച്ചക്രവാഹനം-വാഹനം നിയമാനുസൃതം ഉപയോഗിക്കുന്നു എന്ന് ഉറപ്പ് വരുത്തിയില്ല.<br>Written By: Emil T Abraham (Senior Grade Auditor, On 06-05-2022)<br>Last Updated By: Sinimol Francis (Computer Assistant, On 26-05-2022) | 1-21 |
| 22 | കുഴൽകിണർ നിർമ്മാണം പൂർത്തിയായില്ല- ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Prasad P G (Audit Officer, On 11-05-2022)<br>Last Updated By: Sinimol Francis (Computer Assistant, On 26-05-2022) | 1-22 |
| 23 | കരാറുകാരുടെ നിക്ഷേപം മടക്കി നല്കുന്നത് - നടപടിക്രമങ്ങളിൽ അപാകത.<br>Written By: Rajesh M (Asst. Audit Officer, On 07-05-2022)<br>Last Updated By: Sinimol Francis (Computer Assistant, On 26-05-2022) | 1-23 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | തെറ്റായി ബിൽ തയ്യാറാക്കിയതിലൂടെ കരാറുകാരന് അധികതുക നല്കി<br>Written By: Sinimol Francis (Computer Assistant, On 26-05-2022)<br>Last Updated By: Sinimol Francis (Computer Assistant, On 26-05-2022) | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ | 4-1 |

| | | |
|---|---|---|
| | വിവരം<br>Written By: Emil T Abraham (Senior Grade Auditor, On 26-04-2022)<br>Last Updated By: Emil T Abraham (Senior Grade Auditor, On 05-05-2022) | |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം<br>Written By: Emil T Abraham (Senior Grade Auditor, On 26-04-2022)<br>Last Updated By: Sinimol Francis (Computer Assistant, On 26-05-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Emil T Abraham (Senior Grade Auditor, On 26-04-2022)<br>Last Updated By: Sinimol Francis (Computer Assistant, On 26-05-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Emil T Abraham (Senior Grade Auditor, On 26-04-2022)<br>Last Updated By: Sinimol Francis (Computer Assistant, On 26-05-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Emil T Abraham (Senior Grade Auditor, On 26-04-2022)<br>Last Updated By: Sinimol Francis (Computer Assistant, On 26-05-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Emil T Abraham (Senior Grade Auditor, On 26-04-2022)<br>Last Updated By: Emil T Abraham (Senior Grade Auditor, On 26-04-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Emil T Abraham (Senior Grade Auditor, On 26-04-2022)<br>Last Updated By: Emil T Abraham (Senior Grade Auditor, On 26-04-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Emil T Abraham (Senior Grade Auditor, On 26-04-2022)<br>Last Updated By: Sinimol Francis (Computer Assistant, On 26-05-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Emil T Abraham (Senior Grade Auditor, On 26-04-2022)<br>Last Updated By: Emil T Abraham (Senior Grade Auditor, On 26-04-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Emil T Abraham (Senior Grade Auditor, On 26-04-2022)<br>Last Updated By: S Shyju (Senior Deputy Director, On 26-05-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Emil T Abraham (Senior Grade Auditor, On 26-04-2022)<br>Last Updated By: Sinimol Francis (Computer Assistant, On 26-05-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്-വിശകലനം

2019-20 വർഷത്തെ ബജറ്റ് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 23/02/2019 തീയതിയിലെ 1(1)-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരവും ധനകാര്യ പത്രിക റസീറ്റ് & പേമെന്റ് പത്രിക(R&P) പ്രകാരമുള്ള വരവ്-ചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് (Budget) | 2019-20 R&P പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 5140725 | 36580979 |
| വരവ് | 447043240 | 62968642 |
| ആകെ | 452183965 | 99549621 |
| ചെലവ് | 450238965 | 90151817 |
| നീക്കിയിരിപ്പ് | 1945000 | 9397804 |

ബജറ്റ് പ്രകാരം 44.70 കോടി രൂപയുടെ പ്രതീക്ഷിത വരവും 45.02 കോടി രൂപയുടെ പ്രതീക്ഷിത ചെലവുമാണ് കണക്കാക്കിയത്. പഞ്ചായത്തിന്റെ 2019-20 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക(I&E) പ്രകാരം വരുമാനം 4.83 കോടി രൂപയും ചെലവ് 4.85 കോടി രൂപയുമാണ്. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത തുകകളും യഥാർത്ഥ തുകകളും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നതിൽ നിന്ന് പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾ കൃത്യമായി പാലിച്ചല്ല ബജറ്റ് തയ്യാറാക്കിയതെന്ന് വ്യക്തമാകുന്നു. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214-ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി ബജറ്റ് തയ്യാറാക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക കണക്കുകളിലെ അപാകതകൾ

കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-20 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 48333808 രൂപയും ചെലവ് 48570707 രൂപയും തൻവർഷ പ്രവർത്തന നഷ്ടം 236899 രൂപയുമാണ്. 31/03/2020-ലെ ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിമൂല്യം 134572276 രൂപയും ബാധ്യതകളുടെ മൂല്യം 143453932 രൂപയും ജനറൽ ഫണ്ട് (-)8881656 രൂപയുമാണ്. മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യ പത്രിക പഞ്ചായത്തിലെ അടിസ്ഥാന രേഖകളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അക്കൗണ്ടിങ്ങ് അപാകതകൾ ഉള്ളതായി കാണുന്നു.

1. 31/03/2020 തീയതിയിലെ ബ്ലോക്ക് പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത വ്യക്തമാക്കുന്ന അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല.
2. ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ 31/03/2020-ൽ നിലനിൽക്കുന്നതും 2019-20 വർഷം ഇടപാടുകളുണ്ടായിരുന്നതുമായ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ എ.സി.ആർ. സൂക്ഷിച്ചിട്ടില്ല. പ്രസ്തുത ഗ്രാന്റുകളുടെ വിനിമയത്തിന്റെ ആധികാരികത വ്യക്തമല്ല.
3. പഞ്ചായത്ത് ഫണ്ടിൽ നിലനിൽക്കുന്ന വിവിധ ഡെപ്പോസിറ്റ് തുകകളുടെ (B-7ഷെഡ്യൂൾ)

വിശദാംശം രേഖപ്പെടുത്തി ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്ററിന്റെ അഭാവത്തിൽ ലഭിച്ച ഡെപ്പോസിറ്റ് മുന്നിരിപ്പ് തൻവർഷ ഇടപാടുകൾ എന്നിവയുടെ ആധികാരികത വ്യക്തമല്ല.

4. സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
5. 26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ ആസ്തി-ബാധ്യത നിർണ്ണയം നടത്തി കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല. പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം അക്കൗണ്ട് ചെയ്തിട്ടില്ല.
6. I-17(a) ഷെഡ്യൂൾ പ്രകാരം ആസ്തികളുടെ മൂല്യശോഷണം അക്കൗണ്ട് ചെയ്തതിന്റെ ആധികാരികത കാൽക്കുലേഷൻ ഷീറ്റിലൂടെ വ്യക്തമാക്കിയിട്ടില്ല.
7. വാടക ഡി.സി.ബി. തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കിൽ ഉൾപ്പെട്ട തുകയുടെ ആധികാരികത വ്യക്തമല്ല.
8. Capital Work In Progress ശീർഷകത്തിലെ നീക്കിയിരിപ്പിന്റെയും മുന്നിരിപ്പിന്റെയും കൃത്യത വിശദീകരിച്ചിട്ടില്ല.
9. ബ്ലോക്ക് പഞ്ചായത്തിൽ അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. 31/03/2020 തീയതിയിലെ ബാലൻസ് ഷീറ്റ് ബി-18 ലെ ഡെപ്പോസിറ്റ് തുകകളുടെ ആധികാരികതയും അക്കൗണ്ട് ശീർഷകങ്ങളിലെ മുന്നിരിപ്പിന്റെ കൃത്യതയും വ്യക്തമല്ല
10. I-18 ശീർഷകത്തിൽ പ്രയർ പീരീഡ് ഐറ്റമായി ഉൾപ്പെടുത്തിയിട്ടുള്ള 711946 രൂപയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ/വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല.
11. MNREGS ഫണ്ടിന്റെ വിനിമയം വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. നിശ്ചിത ശീർഷകത്തിൽ(320100101) അക്കൗണ്ട് ചെയ്യുകയും പദ്ധതിയുടെ ബാങ്ക് അക്കൗണ്ട് വാർഷിക കണക്കിൽ ഉൾപ്പെടുത്തേണ്ടതുമായിരുന്നു.

ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ നിലനിൽക്കുന്ന മേൽവിവരിച്ച അപാകതകൾ പരിഹരിച്ച് ഓരോ കണക്കുകളും വിശദീകരിക്കുന്ന അടിസ്ഥാന രേഖകൾ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

2019-20 വർഷത്തെ റസീറ്റ് & പേമെന്റ് പത്രികയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവയും ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 36580979 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 62968642 |
| ആകെ | 99549621 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 90151817 |
| നീക്കിയിരിപ്പ് | 9397804 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 6923 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 8794997 |

## 1-4 ഫണ്ട് വിനിയോഗം

കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-20 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട് എന്നിവയുടെ വിനിയോഗ വിവരം ഗ്രാന്റ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു. ധനകാര്യ കമ്മീഷൻ ഗ്രാന്റ് തൻവർഷം ലഭിച്ചിട്ടില്ല.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 55838761 | 55838761 | 35925713 | 19913048 | 64.33 |
| വികസന ഫണ്ട്-SCP | 0 | 20287000 | 20287000 | 9340979 | 10946021 | 46.04 |
| വികസന ഫണ്ട്-TSP | 0 | 5509000 | 5509000 | 3396762 | 2112238 | 61.65 |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 0 | 7060000 | 7060000 | 3026673 | 4033327 | 42.87 |

2019-20 വർഷം ജനറൽ പർപ്പസ് ഫണ്ടായി 47.92 ലക്ഷം രൂപ ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ചു.

## 1-5 വാർഷികപദ്ധതി അവലോകനം.

പദ്ധതി രൂപീകരണ നടപടിക്രമങ്ങൾ പാലിച്ച് തയാറാക്കിയ ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭ്യമായ 2019-20 വാർഷികപദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് യോഗം 02-10-2018-ലും, ഗ്രാമസഭ 07-11-2018-ലും, വികസനസെമിനാർ 29-11-2018-ലും നടക്കുകയുണ്ടായി. ഇപ്രകാരം തയാറാക്കിയ 07-06-2019ലെ 1-1 തീരുമാനപ്രകാരം ബ്ലോക്ക്പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച വാർഷികപദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതിയുടെ 16-03-2020 ലെ 2707/2018 /DPC/DPO/KTM നമ്പർ ഉത്തരവ് പ്രകാരം അംഗീകാരം ലഭിച്ചു.

വാർഷികപദ്ധതിയുടെ വിവരം

| അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പിലാക്കിയ പ്രോജക്ടുകൾ | വകയിരുത്തിയ തുക | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| 223 | 116 | 112126595 | 51690127 | 46 |

അംഗീകാരം ലഭിക്കുകയും നടപ്പിലാക്കുകയും ചെയ്ത പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയത്. | പ്രോജക്ടുകൾക്കായി വകയിരുത്തിയ തുക. | ചെലവ് |
|---|---|---|---|---|---|
| 1 | സി.ഡി.പി.ഒ | 6 | 5 | 3552502 | 3050502 |
| 2 | സെക്രട്ടറി | 91 | 55 | 48519005 | 28076949 |
| 3 | മെഡി.ഓഫീസർ, സി.എച്ച്.സി | 8 | 3 | 3713009 | 1953843 |
| 4 | പട്ടികജാതി വികസന ഓഫീസർ | 2 | 1 | 2776499 | 300000 |
| 5 | കൃഷി അസി.ഡയറക്ടർ | 6 | 3 | 1543600 | 492690 |
| 6 | ക്ഷീരവികസന ഓഫീസർ | 2 | 1 | 2600000 | 1400000 |
| 7 | വ്യവസായ വികസന ഓഫീസർ | 2 | 1 | 1166660 | 166660 |
| 8 | അസി.എക്സി.എൻജിനീയർ | 1 | 0 | 1387000 | 0 |
| 9 | അസി.എൻജിനീയർ | 105 | 47 | 46868320 | 16249483 |
| | ആകെ | 223 | 116 | 112126595 | 51690127 |

അംഗീകാരം ലഭിച്ച ആകെ 223 പ്രോജക്ടുകളിൽ 107 എണ്ണം നടപ്പിലാക്കിയില്ല. കൂടാതെ പ്രോജക്ടുകൾക്കായി വകയിരുത്തിയ തുകയിൽ 46 ശതമാനം മാത്രമാണ് ചെലവഴിച്ചത്. വകയിരുത്തുന്ന തുകയെക്കാൾ വളരെ കുറച്ചുമാത്രം ചെലവഴിക്കുന്നതിൽ നിന്ന് തുകയുടെ ലഭ്യതയ്ക്ക് ആനുപാതികമായി പ്രോജക്ടുകൾ നടപ്പിലാക്കുന്നില്ലയെന്ന് വ്യക്തമാകുന്നു. സ്പിൽ ഓവറായി ഏറ്റെടുക്കുന്ന പ്രോജക്ടുകൾ പോലും പൂർത്തീകരിക്കുന്നില്ല. സ്പിൽ ഓവറായി നടപ്പാക്കുന്നതിന് അംഗീകാരം ലഭിച്ച 81 പ്രോജക്ടുകളിൽ 18 എണ്ണം നടപ്പാക്കിയില്ല.

13-ാം പഞ്ചവത്സരപദ്ധതിയുടെ പൊതുലക്ഷ്യമായ തുടർച്ചാ സാധ്യതയോടെയുള്ള പരിസ്ഥിതി സുരക്ഷ, സാമൂഹ്യനീതി, സാമ്പത്തികവളർച്ച എന്നിവ സാധിക്കുന്നതിന് ബ്ലോക്ക്പഞ്ചായത്തിലെ ജനങ്ങളെ സജ്ജരാക്കാൻ പാകത്തിലുള്ള വളരെ ചുരുക്കം പ്രോജക്ടുകളാണ് വാർഷികപദ്ധതിയിൽ രൂപീകരിച്ച് നടപ്പാക്കാൻ ശ്രമിച്ചത്. സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന ആർദ്രം, ലൈഫ്, പൊതുവിദ്യാഭ്യാസ സംരക്ഷണം, ഹരിതകേരളം എന്നീ മിഷനുകളെ വാർഷിക പദ്ധതിയുമായി ഏകോപിപ്പിച്ച് നടപ്പിലാക്കുന്നവിധം ഏതാനും പ്രോജക്ടുകൾ വിഭാവനം ചെയ്തുവെങ്കിലും പൂർണ്ണലക്ഷ്യപ്രാപ്തി

കൈവരിച്ചില്ല.

സി.ഡി.പി.ഒ നടപ്പാക്കിയ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ്, അങ്കണവാടി പോഷകാഹാരം എന്നീ പ്രോജക്ടുകൾ, ഡയറി എക്സ്റ്റൻഷൻ ഓഫീസർ നടപ്പാക്കിയ ക്ഷീരകർഷകർക്ക് പാൽ സബ്സിഡി പ്രോജക്ട് എന്നിവ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം കൈമാറലായാണ് നടപ്പിലാക്കിയത്.

കമ്യൂണിറ്റി ഹെൽത്ത് സെന്ററിലെ മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പ്രധാന പ്രോജക്ട് സെക്കന്ററി പാലിയേറ്റീവ് പദ്ധതിയാണ്. ഗുരുതരാവസ്ഥയിലുള്ള കിടപ്പുരോഗികൾക്ക് ആശ്വാസം പകരുന്നതിന് പ്രോജക്ട് പ്രയോജനപ്പെടുകയുണ്ടായി. പട്ടികജാതി വിദ്യാർഥികൾക്ക് പഠനമുറിയാണ് പട്ടികജാതി വികസനഓഫീസർ നടപ്പിലാക്കിയ പ്രോജക്ട്. ബ്ലോക്ക് പഞ്ചായത്ത് അഗ്രോ സർവ്വീസ് സെന്റർ പ്രവർത്തന ചെലവ്, കിണർ റീചാർജിംഗ് പ്രവൃത്തികൾ കൃഷി അസി.ഡയറക്ടർ നടപ്പിലാക്കിയിട്ടുണ്ട്.

തൊഴിൽ പരിശീലനകേന്ദ്രങ്ങളിൽ വനിതകൾക്ക് തൊഴിൽ പരിശീലനം, തൊഴിൽ സംരംഭം എന്നിവ ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കുകയുണ്ടായി. എന്നാൽ പ്രോജക്ടിന്റെ ഫലപ്രാപ്തി സംബന്ധിച്ച് വ്യക്തതയില്ല.

ലൈഫ് ഭവനപദ്ധതി, പാലിയേറ്റീവ് കെയർ, ആശ്രയ പ്രോജക്ടുകൾ പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നല്കൽ, ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുത്ത് നടപ്പാക്കിയ പശ്ചാത്തലമേഖലയിലെ പ്രോജക്ടുകൾക്ക് വിഹിതം നല്കൽ, ക്ലീൻ കേരള കമ്പനിക്ക് വയബിലിറ്റി ഗ്യാപ്പ് ഫണ്ട് തുടങ്ങിയ പ്രോജക്ടുകൾ സാമൂഹ്യനീതി, പരിസ്ഥിതി സുരക്ഷ, സാമ്പത്തികവളർച്ച എന്നിവയെ സഹായിക്കാനുതകുന്ന പ്രോജക്ടുകളാണ്.

കൂടാതെ സി.എച്ച്.സി.കളിലും പൊതുസ്ഥലങ്ങളിലും ഡയപ്പർ ഡൈജസ്റ്റർ സ്ഥാപിക്കൽ, സ്കൂളുകളിൽ നാപ്കിൻ വെന്റിംഗ് മെഷീൻ നാപ്കിൻ ഡിസ്ട്രോയർ സ്ഥാപിക്കൽ തുടങ്ങിയ പ്രോജക്ടുകളും പാരിസ്ഥിതിക പ്രാധാന്യമർഹിക്കുന്നു. എന്നാൽ സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ട് നമ്പർ 09/20, 294/20, എന്നീ പ്രോജക്ടുകൾ അങ്കണവാടികൾക്ക് മൈക്ക് സെറ്റ് വാങ്ങൽ മാത്രമാണ്. 09/20 പ്രോജക്ട് പ്രകാരം 30 മൈക്ക് സെറ്റുകളും, 294/20 എന്ന പ്രോജക്ട് പ്രകാരം 15 മൈക്ക് സെറ്റുകളും വാങ്ങി 1110806/- രൂപ ചെലവഴിച്ചു. (342698/- രൂപയുടെ ചെലവ് 20-21ലാണ് കണക്കിൽ പെടുത്തിയിട്ടുള്ളത്) വികസന മുൻഗണനകളെ അവഗണിച്ചുള്ള വാങ്ങൽ മാത്രമായാണ് ഈ പ്രോജക്ടിനെ കാണാൻ സാധിക്കുക. കൂടാതെ സോളാർ സ്ട്രീറ്റ് ലൈറ്റുകൾ, ഹൈമാസ്റ്റ് ലൈറ്റുകൾ ഇങ്ങനെ വ്യത്യസ്ത ഇനം തെരുവ് വിളക്കുകൾ സ്ഥാപിക്കൽ, മൈക്ക് സെറ്റ് വാങ്ങൽ, ലൈബ്രറികൾക്കുൾപ്പെടെ ഫർണിച്ചർ, കമ്പ്യൂട്ടർ എന്നിങ്ങനെ നിരവധി പ്രോജക്ടുകൾ പ്രകാരം വാങ്ങി സ്ഥാപിക്കുകയും, വിതരണം ചെയ്യുകയും ചെയ്യുന്നവയുടെയും സംബന്ധിച്ച കൃത്യമായ ഡേറ്റകൾ സൂക്ഷിക്കുന്നില്ലയെന്നത് വലിയ അപാകതയാണ്. പ്രോജക്ടുകൾ സംബന്ധിച്ച മോണിറ്ററിംഗും നടക്കുന്നില്ല.

എൻജിനീയറിംഗ് വിഭാഗം നടപ്പിലാക്കുന്ന പ്രോജക്ടുകൾ പലതും ആരംഭിച്ച് വർഷങ്ങൾക്കുശേഷവും പൂർത്തീകരിച്ച് ലക്ഷ്യപ്രാപ്തി കൈവരിക്കുന്നില്ലയെന്നാണ് പല സാംസ്കാരികനിലയങ്ങൾ, തൊഴിൽ പരിശീലനകേന്ദ്രങ്ങൾ എന്നിവയ്ക്കായി നിർമ്മിച്ച കെട്ടിടങ്ങളിലെ പരിശോധനകളിൽ ബോദ്ധ്യപ്പെട്ടത്. കെട്ടിടങ്ങളുടെ മെയിന്റനൻസ്, വയറിംഗ് എന്നിങ്ങനെ പ്രോജക്ടുകൾ ഏറ്റെടുത്ത് ചെലവുകൾ നടത്തുന്നതിനപ്പുറം കെട്ടിടങ്ങൾ ഉപയോഗപ്പെടുത്തുന്നതിന് കാര്യക്ഷമമായ നടപടികൾ ഭരണസമിതി സ്വീകരിക്കുന്നില്ല.

വാർഷികപദ്ധതിയിൽ ഏറ്റെടുക്കുന്ന വിഹിതം നല്കൽ പ്രോജക്ടുകളൊഴികെയുള്ള മിക്ക പ്രോജക്ടുകളും ഇപ്രകാരം അപൂർണ്ണമായോ, ലക്ഷ്യപ്രാപ്തി സാധിക്കാതെയോ അവശേഷിക്കുന്നതായാണ് കാണുന്നത്. ക്രിയാത്മകമായ നടപടികളിലൂടെ വാർഷികപദ്ധതി പ്രോജക്ടുകളുടെ നിർദ്ദിഷ്ട ലക്ഷ്യപ്രാപ്തി ഉറപ്പാക്കുന്നതിന് ഭരണസമിതിയുടെയും ഉദ്യോഗസ്ഥരുടെയും കൂട്ടായ പരിശ്രമം ആവശ്യമാണ്. നിർമ്മാണം നടത്തി ഉപേക്ഷിക്കപ്പെട്ട നിലയിൽ കിടക്കുന്ന കെട്ടിടങ്ങൾ, തൊഴിൽ പരിശീലനകേന്ദ്രങ്ങൾ, മാലിന്യസംസ്കരണത്തിനുള്ള സംവിധാനങ്ങൾ എന്നിവ അടിയന്തിരമായി പ്രവർത്തിപ്പിക്കേണ്ടതാണ്. ഭാഗികമായി കിടക്കുന്ന നിർമ്മിതികൾ പൂർത്തീകരിച്ച് ജനോപകാരപ്രദമാക്കുന്നതിനും പൊതുപണത്തിന്റെ ചെലവ് പാഴാകുന്നില്ലയെന്നും ഉറപ്പാക്കേണ്ടതാണ്.

പ്രോജക്ടുകൾ നടപ്പാക്കിയില്ല-സർക്കാർ ഗ്രാന്റ് ലാപ്സായി.

വാർഷികപദ്ധതി പ്രകാരം ഏറ്റെടുത്ത പ്രോജക്ടുകൾ പൂർണ്ണമായും നടപ്പാക്കാൻ ബ്ലോക്ക് പഞ്ചായത്തിന് സാധിക്കാത്തതുമൂലം ചുവടെ ചേർക്കും പ്രകാരം സർക്കാർ ഗ്രാന്റ് ലാപ്സാവുകയുണ്ടായി.

| ഫണ്ട് | വരവ് | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായത് |
|---|---|---|---|
| വികസനഫണ്ട്,ജനറൽ | 55838761 | 35925713 | 19913048 |
| വികസനഫണ്ട്,എസ്.സി.പി | 20287000 | 9340979 | 10946021 |
| വികസനഫണ്ട്,റ്റി.എസ്.പി | 5509000 | 3396762 | 2112238 |
| മെയിന്റനൻസ് ഗ്രാന്റ് റോഡിതരം | 7060000 | 3026673 | 4033327 |

സമയബന്ധിതമായി പ്രോജക്ടുകൾ നടപ്പിലാക്കി ബ്ലോക്ക് പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ലഭിക്കുന്ന ഗ്രാന്റ് ലാപ്സാകുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്. ഭരണസമിതിയുടെയും ഉദ്യോഗസ്ഥരുടെയും പരസ്പരപൂരകമായ പ്രവർത്തനം ഇക്കാര്യത്തിൽ ഉണ്ടാവേണ്ടതാണ്.

## 1-6 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ്പദ്ധതി

തൊഴിലുറപ്പ് പദ്ധതി ഫണ്ടിന്റെ വിനിമയം ബ്ലോക്ക് പഞ്ചായത്തിന്റെ ധനകാര്യ പത്രികയിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

## 1-7 സാമൂഹ്യസുരക്ഷ പദ്ധതികൾ

വിവിധ സാമൂഹ്യ സുരക്ഷ പെൻഷനുകൾ ഗ്രാമപഞ്ചായത്തുകൾ മുഖേന വിതരണം ചെയ്യുന്നതിനാൽ ബ്ലോക്ക് പഞ്ചായത്ത് സാമൂഹ്യക്ഷേമ പെൻഷനുകൾക്ക് തുക ചെലവഴിച്ചിട്ടില്ല.

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.04.2022 തീയതിയിൽ 03.00 പി. എം. ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ

നടത്തുകയുണ്ടായി. തുകകൾ ലഭ്യമായിരുന്നില്ല എന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം.

കാര്യക്ഷമമായ ആഭ്യന്തരനിയന്ത്രണം സാധ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും അവ കൃത്യമായി പാലിക്കുകയുണ്ടായില്ല. വ്യക്തമായി നിർവചിച്ച അക്കൗണ്ടിംഗ് സംവിധാനമാണ് സ്ഥാപനത്തിൽ നടപ്പിലാക്കിയിട്ടുള്ളത്. പണസംബന്ധമായും ബാങ്ക് ഇടപാടുകളുമായും ബന്ധപ്പെട്ട് ക്രമക്കേടുണ്ടാകാത്തവിധം നിയന്ത്രണങ്ങൾ ബാധകമാക്കിയിട്ടുണ്ട്. ജീവനക്കാരുടെ ശമ്പളം, സേവനരേഖകൾ എന്നിവ കൃത്യമായി പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. നാമമാത്രമായ തനത് വരുമാനങ്ങൾ കൃത്യമായി തിട്ടപ്പെടുത്താനും ഈടാക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും കൃത്യമായ ഡി.സി.ബി തയ്യാറാക്കി കുടിശിക ഉൾപ്പെടെ ഈടാക്കുന്നതിൽ അലംഭാവം നിലനിൽക്കുന്നു. സാധനങ്ങളുടെയും സേവനങ്ങളുടെയും വാങ്ങലിനും, സംഭരണത്തിനും സർക്കാർ ഉത്തരവുകളും നടപടിക്രമങ്ങളും കൃത്യമായി പാലിച്ചിട്ടില്ല. കമ്പ്യൂട്ടറുകൾ, മറ്റ് ഇലക്ട്രോണിക് ഉല്പന്നങ്ങൾ എന്നിവയുടെ വാങ്ങൽ നടപടികളിൽ തീരുമാനമെടുക്കുന്നതിന് പ്രൊക്യൂവർമെന്റ് കമ്മിറ്റിയിൽ സാങ്കേതിക വിദഗ്ധരെ ഉൾപ്പെടുത്തിയിരുന്നില്ല. പ്രൊക്യൂവർമെന്റ് കമ്മിറ്റി മിനിറ്റ്സിൽ വിവരങ്ങൾ രേഖപ്പെടുത്തുന്നതിൽ വ്യക്തതയില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, ആസ്തി രജിസ്റ്റർ തുടങ്ങിയവയുടെ സൂക്ഷിപ്പിൽ അപാകതകൾ നിലനിൽക്കുന്നു. അടിസ്ഥാന രജിസ്റ്ററുകളുടെ സൂക്ഷിപ്പിലെ അപാകത വാർഷികകണക്കുകളിലും പ്രതിഫലിക്കുന്നുണ്ട്. വാർഷികപദ്ധതി പ്രോജക്ടുകൾ നടപ്പിലാക്കുന്നതിലെ വീഴ്ചകൾ സർക്കാർ ഗ്രാന്റ് ലാപ്സാകുന്നതിനും കാരണമായി. സെക്രട്ടറി നടപ്പാക്കിയ പല പ്രോജക്ടുകളും സാധനങ്ങളുടെയും സേവനങ്ങളുടെയും വാങ്ങലുകളായി മാറുകയാണുണ്ടായത്. എന്നാൽ ഇവയുടെ കൃത്യമായ വിവരസൂക്ഷിപ്പ് ഉണ്ടായിട്ടുമില്ല. വാർഷിക പദ്ധതി പ്രോജക്ടുകളുടെ മോണിട്ടറിംഗ് കാര്യക്ഷമമായിരുന്നില്ല. മരാമത്ത് പ്രവൃത്തികളിലൂടെ നിർമ്മിക്കുന്ന കെട്ടിടങ്ങൾ പലതും നിഷ്ക്രിയ ആസ്തിയായി നിലനിൽക്കുന്നു. വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കണമെന്ന് വാർഷികപദ്ധതിയുമായി ബന്ധപ്പെട്ട ഉത്തരവുകളിൽ നിഷ്കർഷിക്കുന്നുണ്ടെങ്കിലും അപ്രകാരം ഉണ്ടായില്ല. ആഭ്യന്തരനിയന്ത്രണ സംവിധാനത്തിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ വർഷം | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 2018-19 | 2018-19 | No.70/DPAW /KTM/2019 തീയതി 30/12/2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2014-15 | 2009-10 മുതൽ 2013-14 വരെ | No. LBA(HQ) II/8A/2177 /14-15/173 |

| | | | | |
|---|---|---|---|---|
| | | | | തീയതി 04/08/2014 |

1-11 പാലിയേറ്റീവ് കെയർ - 525000/- രൂപയുടെ ചെലവ് വിവരങ്ങൾ ലഭ്യമല്ല.

സെക്രട്ടറി നടപ്പിലാക്കിയ പ്രോ.നം.10/20, പാലിയേറ്റീവ് കെയർ ബ്ലോക്ക് ഷെയർ നല്കൽ പ്രകാരം 250000/- രൂപ കോരുത്തോട് ഗ്രാമപഞ്ചായത്തിനും (ട്രഷറി ബിൽ നം.20/19-20/ 23-07-19), 175000/- രൂപ പാറത്തോട് ഗ്രാമപഞ്ചായത്തിനും 100000/- രൂപ കൂട്ടിക്കൽ ഗ്രാമപഞ്ചായത്തിനും (ട്രഷറി ബിൽ നം.36/19-20/07-08-19 – 275000/) നല്കുകയുണ്ടായി. അതായത് ആകെ 525000/- രൂപയ്ക്കാണ് പ്രോജക്ട് പ്രകാരം ചെലവഴിച്ചതിന്റെ രേഖകൾ ലഭ്യമായത്. സുലേഖ കണക്കുകൾ പ്രകാരം 578440/- രൂപയാണ് പ്രോജക്ടിനായുള്ള ചെലവ്. എന്നാൽ 53440/- രൂപയുടെ ചെലവ് വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. പഞ്ചായത്തുകളിൽ നിന്ന് 525000/- രൂപയുടെ വിനിയോഗവിവരം ലഭ്യമായിട്ടില്ല. ആകയാൽ പ്രസ്തുത തുകകളുടെ ചെലവ് തടസ്സപ്പെടുത്തുന്നു. സുലേഖ കണക്കുകളിലെ വ്യത്യാസം സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-12 തുമ്പൂർമൂഴി മോഡൽ മാലിന്യസംസ്കരണപ്ലാന്റ്-നിഷ്ക്രിയാവസ്ഥയിൽ.



സെക്രട്ടറി നടപ്പിലാക്കിയ 202/20 നമ്പർ പ്രോജക്ട് പ്രകാരം ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിലും മുക്കട എസ്.സി കമ്മ്യൂണിറ്റിഹാൾ കോമ്പൗണ്ടിലും തുമ്പൂർമൂഴി മോഡൽ മാലിന്യസംസ്കരണ പ്ലാന്റ് സ്ഥാപിക്കുകയുണ്ടായി. ഐ.ആർ.ടി.സി പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് നിർമ്മാണം നടത്തിയ പ്രോജക്ടിന്റെ ചെലവ് 428045/-രൂപ (ട്രഷറി ബിൽ 04/19-20/30-04-19 തുക-97292/,ട്രഷറി ബിൽ 83/19-20/18-09-19 തുക-174438/,ട്രഷറി ബിൽ 82/19-20/18-09-19 തുക 156315)/)യാണ്. രണ്ട് പ്ലാന്റുകളിൽ, ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ സ്ഥാപിച്ച പ്ലാന്റ് ഓഡിറ്റ് ടീം നേരിട്ട് കാണുകയുണ്ടായി. പ്രസ്തുത പ്ലാന്റ് നിലവിൽ ഉപയോഗിക്കാതെയും ചുറ്റ്പാടും കാട് വളർന്ന് ഉപേക്ഷിക്കപ്പെട്ട നിലയിലുമാണ് കാണപ്പെട്ടത്. ഐ.ആർ.ടി.സി.ക്ക് പണം നല്കാൻ സാധിച്ചുവെന്നതൊഴികെ യാതൊരു പ്രയോജനവും ഇല്ലാതെ ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ പ്ലാന്റ് സ്ഥിതിചെയ്യുന്നു. പ്ലാന്റുകൾ പ്രവർത്തിപ്പിച്ച് ലക്ഷ്യം കൈവരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-13 സംയുക്ത പ്രോജക്ടുകൾക്കായി ഗ്രാമപഞ്ചായത്തുകൾക്ക് തുക കൈമാറൽ - പൂർത്തീകരണ/വിനിയോഗ വിവരങ്ങൾ ലഭ്യമല്ല

നിർവ്വഹണോദ്യോഗസ്ഥൻ – ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി
ചുവടെ ചേർക്കും പ്രകാരം പ്രോജക്ടുകൾക്കായി ഗ്രാമപഞ്ചായത്തുകൾക്ക് തുകകൾ കൈമാറിയിട്ടുണ്ട്.

| പ്രോജക്റ്റ് | നല്കിയതുക | തുക കൈപ്പറ്റിയ സ്ഥാപനം | ബിൽ വിവരം |
|---|---|---|---|
| 23/20,മഞ്ഞിനാംകുഴി അങ്കണവാടി ഭാഗം മണ്ണ് സംരക്ഷണം | 250000 | മുണ്ടക്കയം ഗ്രാമ പഞ്ചായത്ത് | 23/19-20 /16-08-19 |
| 28/20,ആശ്രയ പദ്ധതി | 82500 | മണിമല ഗ്രാമ പഞ്ചായത്ത് | 367941/22-07-19 |
| 28/20,ആശ്രയ പദ്ധതി | 150000 | മുണ്ടക്കയം ഗ്രാമ പഞ്ചായത്ത് | 481108/21-08-19 |
| 35/20,നെന്മേനി 15ഏക്കർ വെട്ടുകല്ലാംകുഴി റോഡ് കോൺക്രീറ്റ് | 100000 | മുണ്ടക്കയം ഗ്രാമ പഞ്ചായത്ത് | 441691/13-08-19 |
| 37/20,ഇഞ്ചിയാനി ഇളംപള്ളി വെള്ളനാടി റോഡ് ടാറിംഗ് | 150000 | മുണ്ടക്കയം ഗ്രാമ പഞ്ചായത്ത് | 43/19-20 /16-08-19 |
| 39/20,നെന്മേനി പറത്താനം ലിങ്ക് റോഡിൽ കലുങ്ക് | 150000 | മുണ്ടക്കയം ഗ്രാമ പഞ്ചായത്ത് | 441693/13-08-19 |
| 41/20,കരടിമല5 ഏക്കർഭാഗം റോഡ് കോൺക്രീറ്റിംഗ് | 150000 | മുണ്ടക്കയം ഗ്രാമ പഞ്ചായത്ത് | 49/19-20 /16-08-19 |
| 52/20,പോത്തൻമല ചാത്തൻപ്ലാപ്പള്ളി റോഡ് കോൺക്രീറ്റിംഗ് | 300000 | കൂട്ടിക്കൽ ഗ്രാമ പഞ്ചായത്ത് | 28/19-20 /07-08-19 |
| 53/19-20,പോത്തൻമല ചാത്തൻപ്ലാപ്പള്ളി റോഡ് കോൺക്രീറ്റിംഗ് | 300000 | കൂട്ടിക്കൽ ഗ്രാമ പഞ്ചായത്ത് | 29/19-20 /07-08-19 |
| 56/20,അഞ്ചിലവ് ആനത്താനം പൂഴിത്തറ കോളനി റോഡ് കോൺക്രീറ്റിംഗ് | 200000 | പാറത്തോട് ഗ്രാമ പഞ്ചായത്ത് | 378132/24-07-19 |
| 57/20,പാലപ്ര അമ്പലം പഴുമല റോഡ് കോൺക്രീറ്റിംഗ് | 200000 | പാറത്തോട് ഗ്രാമ പഞ്ചായത്ത് | 379163/24-07-19 |
| 60/20,പാറത്തോട് കുന്നംഭാഗം റോഡ് | 200000 | പാറത്തോട് ഗ്രാമ | 378140/24-07-19 |

| | | | |
|---|---|---|---|
| കോൺക്രീറ്റിംഗ് | | പഞ്ചായത്ത് | |
| 66/20,പാലമ്പ്രസ്ഥൾഭാഗം കൊല്ലിയിൽപ്പടി റോഡ് കോൺക്രീറ്റിംഗ് | 200000 | പാറത്തോട് ഗ്രാമ പഞ്ചായത്ത് | 33/19-20 /07-08-19 |
| 68/20,കുളപ്പുറം ആനത്താനം തെക്കേമുറി റോഡ് | 100000 | പാറത്തോട് ഗ്രാമ പഞ്ചായത്ത് | 34/19-20 /07-08-19 |
| 70/19-20,പെരുമ്പാറ പുത്തൻപുര റോഡ് കോൺക്രീറ്റിംഗ് | 100000 | പാറത്തോട് ഗ്രാമ പഞ്ചായത്ത് | 378134/24-07-19 |
| 74/20,പാക്കാനം കുളമാക്കൽ റോഡ് | 150000 | മുണ്ടക്കയം ഗ്രാമ പഞ്ചായത്ത് | 48/19-20 /16-08-19 |
| 76/20,മൂന്നോലി സി എം കുന്ന് അമ്പലം റോഡ് | 100000 | മുണ്ടക്കയം ഗ്രാമ പഞ്ചായത്ത് | 47/19-20 /16-08-19 |
| 79/20,പുലിക്കുന്ന് കുളമാക്കിൽ റോഡ് | 100000 | മുണ്ടക്കയം ഗ്രാമ പഞ്ചായത്ത് | 51/19-20 /16-08-19 |
| 81/20,പുഞ്ചവയൽ ആനിക്കുന്ന് പശ്ചിമ റോഡ് | 50000 | മുണ്ടക്കയം ഗ്രാമ പഞ്ചായത്ത് | 441689/13-08-19 |
| 83/20,ആലപ്പാട്ടുപടി ക്കുവനാൽപ്പടി റോഡ് | 200000 | മണിമല ഗ്രാമ പഞ്ചായത്ത് | 371828/23-07-19 |
| 86/20, ജവാൻപടി മിനിമില്ല് റോഡ് | 150000 | കാഞ്ഞിരപ്പള്ളി ഗ്രാമ പഞ്ചായത്ത് | 481112/21-08-19 |
| 87/20,ഇടപ്പറ പൊന്തൻപുഴ റോഡ് | 200000 | മണിമല ഗ്രാമ പഞ്ചായത്ത് | 26/19-20 /23-07-19 |
| 92/20,കോരുത്തോട് പള്ളിപ്പടി മുണ്ടക്കയം ബ്ലോക്ക് റോഡ് ടാറിംഗ് | 200000 | കോരുത്തോട് ഗ്രാമ പഞ്ചായത്ത് | 23/19-20 /23-07-19 |
| 93/20,മന്ദംപാലം പള്ളിക്കുന്ന്ടോപ്പ് റോഡ് | 200000 | കോരുത്തോട് ഗ്രാമ പഞ്ചായത്ത് | 25/19-20 /23-07-19 |
| 94/20, പലമറ്റം പടി കുരുവിക്കാട്ട് പടി റോഡ് | 100000 | എരുമേലി ഗ്രാമ പഞ്ചായത്ത് | 52/19-20 /16-08-19 |

| | | | |
|---|---|---|---|
| 95/20,മുട്ടപ്പള്ളി കൊച്ചുരാമൻ റോഡ് | 300000 | എരുമേലി ഗ്രാമ പഞ്ചായത്ത് | 50/19-20 /16-08-19 |
| 96/20,യാക്കോബായ പള്ളിപഞ്ചായത്ത് കിണർ റോഡ് | 200000 | കോരുത്തോട് ഗ്രാമ പഞ്ചായത്ത് | 368637/22-07-19 |
| 97/20,മുട്ടപ്പള്ളി കെ ഒ റ്റി ഗ്രാമീണ റോഡ് | 300000 | എരുമേലി ഗ്രാമ പഞ്ചായത്ത് | 46/19-20 /16-08-19 |
| ആകെ | 4882500 | | |

ഗ്രാമപഞ്ചായത്തുകളിൽ നിന്ന് വിനിയോഗ വിവരങ്ങൾ ലഭ്യമാകാത്ത സാഹചര്യത്തിൽ മേൽ പ്രോജക്റ്റുകൾക്കായുള്ള 4882500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-14 ആനക്കല്ല് നരിവേലി ജലസേചനം - പൊതുകിണർ നിർമ്മാണവും മണ്ണ് സംരക്ഷണവും -പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങളില്ല.

പ്രോജക്റ്റ് നം.199/20

വികസനഫണ്ട് (പൊതു) -400,000

കേന്ദ്രാവിഷ്കൃത ഫണ്ട് -200,000

ചെലവ് വിശദാംശങ്ങൾ

ബിൽ നം.6/19-20/തീ 30.04.19 തുക – 101630

ബിൽ നം.16/19-20 /തീ 16.7.19 തുക -72375

ആനക്കല്ല് നരിവേലി ജലസേചനം – പൊതു കിണർ നിർമ്മാണവും, മണ്ണ് സംരക്ഷണവും എന്ന പ്രവൃത്തിയ്ക്കായി മെറ്റീരിയൽസ് സപ്ലൈ ചെയ്തതിന് റെജികുമാർ എ.സി, അമ്പഴത്തിനാൽകുന്നേൽ എന്നയാൾക്ക് 174005/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം ഫയലിൽ ഇല്ല. മേൽ പരാമർശിച്ച പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ന.13/6.5.2022) മറുപടി ഹാജരാക്കിയില്ല. പ്രോജക്റ്റിന്റെ പൂർത്തീകരണവിവരം ലഭ്യമാക്കുന്നതുവരെ മേൽ പ്രോജക്റ്റിനായുള്ള 174005/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-15 താഴത്തുകാവ് കോളനി മണ്ണ് സംരക്ഷണം -പൂർത്തീകരണം-അപാകതകൾ.

പ്രോജക്റ്റ് നം.SO190/20

വികസനഫണ്ട്(പൊതു)-100,000

മറ്റ് ഗ്രാമപഞ്ചായത്ത് -200,000

ആകെ -300,000

ചെലവഴിച്ച തുക -99990(ബിൽ നം.5/20 തീ 30.04.19)

താഴത്തുകാവ് കോളനി മണ്ണ് സംരക്ഷണം എന്ന പ്രവൃത്തി നടപ്പിലാക്കുന്നതിനായി മെറ്റീരിയൽസ് സപ്ലൈ ചെയ്യുന്നതിനായി ടെണ്ടർ ക്ഷണിച്ചതനുസരിച്ച് കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത റെജികുമാർ എ.സി, അമ്പഴത്തിനാൽകുന്നേൽ എന്നയാൾക്ക് 99,990/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ടി പ്രവൃത്തി പൂർത്തിയാക്കിയതിന്റെ വിവരം ഫയലിൽ ലഭ്യമല്ല. മേൽ പ്രവൃത്തി പൂർത്തിയാക്കി അളവ് രേഖപ്പെടുത്തിയ എം.ബുക്കും ഫയലിനൊപ്പം സൂക്ഷിച്ചിട്ടില്ല. താഴത്തുകാവ് കോളനി മണ്ണ് സംരക്ഷണം എന്ന പ്രവൃത്തി പൂർത്തിയായിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.14/06.05.2022) മറുപടി ഹാജരാക്കിയിട്ടില്ല. പ്രോജക്ടിന്റെ പൂർത്തീകരണ വിവരം ലഭ്യമാക്കാത്ത സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള 99,990/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-16 അങ്കണവാടി പോഷകാഹാരം , ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് - ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

ശിശു വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2019-20 സാമ്പത്തിക വർഷം ചുവടെ പറയും പ്രകാരമുള്ള പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നമ്പർ,പേര് | നിർവ്വഹണ ഉദ്യോഗസ്ഥ | ചെലവഴിച്ച തുക | ബിൽ നമ്പർ | ഗ്രാമപഞ്ചായത്തുകൾക്ക് ലഭിച്ച വിഹിതം |
|---|---|---|---|---|---|
| 1. | 08/2019-20 അങ്കണവാടി പോഷകാഹാരം-ഗ്രാമപ്പഞ്ചായത്തിന് വിഹിതം നൽകൽ | ചൈൽഡ് ഡവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ , ICDS Project ഓഫീസ് കാഞ്ഞിരപ്പള്ളി | അടങ്കൽ- 1300000( വികസന ഫണ്ട് -ജനറൽ) ചെലവ്- 1300000 | 03/2019-20 /16.07.19 ,04/2019-20 /29.07.19 | എരുമേലി- 300000<br>മണിമല - 100000<br>കോരുത്തോട്-100000<br>കൂട്ടിക്കൽ-300000<br>പാറത്തോട് -200000<br>കാഞ്ഞിരപ്പള്ളി- 300000 |
| 2. | 07/2019-20 ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ്-ഗ്രാമപ്പഞ്ചായത്തിന് വിഹിതം നൽകൽ | ചൈൽഡ് ഡവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ , ICDS Additional Project ഓഫീസ് മുണ്ടക്കയം | അടങ്കൽ- 1438502( വികസന ഫണ്ട് -ജനറൽ) ചെലവ്- 1438502 | 02/2019-20 /30.07.19, 03/2019-20 /30.07.19, 05/2019-20 /4.10.19 | എരുമേലി- 248786<br>മണിമല - 166286<br>കോരുത്തോട്-116286<br>കൂട്ടിക്കൽ-78286<br>പാറത്തോട് -216286<br>കാഞ്ഞിരപ്പള്ളി- 216286<br>മുണ്ടക്കയം - 396286 |

മേൽപ്പറഞ്ഞ ചെലവുകളുടെ ധനവിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലാത്തതിനാൽ മേൽ പ്രോജക്ടുകൾക്കായുള്ള 2738502 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കുന്നതിന് നിർവ്വഹണഉദ്യോഗസ്ഥ

നടപടി സ്വീകരിക്കേണ്ടതാണ്.

1-17 കർഷക ഗ്രൂപ്പുകൾക്ക് റിവോൾവിംഗ് ഫണ്ട്- തുടർനിരീക്ഷണം കാര്യക്ഷമമാകണം

ഫണ്ട്-വികസനഫണ്ട്(ജനറൽ)
പ്രോജക്റ്റ് നം. എസ്.ഒ.181/20
അടങ്കൽതുക-110000/-രൂപ
ചെലവ് തുക- 110000/-രൂപ

ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള തെരഞ്ഞെടുക്കപ്പെട്ട കർഷക ഗ്രൂപ്പുകൾക്ക് വിവിധ ഇനം കൃഷി ചെയ്യുന്നതിനും സംഭരണം നടത്തുന്നതിനും ആവശ്യമായ സാമ്പത്തിക പരിമിതി പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ കൃഷി അസിസ്റ്റന്റ് ഡയറക്ടർ നടപ്പാക്കിയ പദ്ധതിയാണ് കാർഷിക വിപണികൾക്ക് റിവോൾവിംഗ് ഫണ്ട് നൽകൽ.

ടി പ്രോജക്റ്റ് പ്രകാരം കാഞ്ഞിരപ്പള്ളി ബ്ലോക്ക് പരിധിയിലെ വിവിധ കർഷക ഗ്രൂപ്പുകൾക്കായി 2019-20 വർഷം ആകെ 110000/-രൂപ റിവോൾവിംഗ് ഫണ്ട് ഇനത്തിൽ നല്കിയിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ഗ്രൂപ്പിന്റെ പേര് | നല്കിയ തുക(₹) | ബിൽ നം/തീയതി |
|---|---|---|---|
| 1 | ഹരിതം കർഷക സമിതി, കുന്നുംഭാഗം, ചിറക്കടവ് | 30,000/- | 1/19-20, തീയതി: 10-05-2019 |
| 2 | തുമ്പമട കർഷക സമിതി, കപ്പാട് | 50,000/- | 1/19-20, തീയതി: 10-05-2019 2/19-20 തീയതി 10.05.2019 |
| 3 | എരുമേലി കർഷക വികസന സമിതി | 30,000/- | 1/19-20, തീയതി: 10-05-2019 |

റിവോൾവിംഗ് ഫണ്ട് സബ്സിഡിയോ ധനസഹായമോ അല്ലാത്തതിനാൽ തിരികെ അടയ്ക്കേണ്ടതും ഗ്രൂപ്പിനുള്ളിൽ റിവോൾവ് ചെയ്യുന്നുണ്ടെന്ന് നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതുമാണ്. കൂടാതെ അതാത് സാമ്പത്തിക വർഷം അവസാനം സമിതിയുടെ ബാങ്ക് അക്കൗണ്ടിൽ വരവ് വെച്ചിട്ടുണ്ടെന്നും ഉറപ്പാക്കേണ്ടതാണ്. ലഭിച്ചിട്ടുള്ള റിവോൾവിംഗ് ഫണ്ട് തുക കർഷക ഗ്രൂപ്പുകൾ നിശ്ചിത ആവശ്യത്തിന് ഉപയോഗിക്കാത്ത പക്ഷം സർക്കാരിലേക്ക് തിരിച്ചടയ്ക്കേണ്ടതുമാണ്.

1-18 തെറ്റായി ബിൽ തയ്യാറാക്കിയതിലൂടെ കരാറുകാരന് അധികതുക നല്കി

| | |
|---|---|
| പ്രോജക്റ്റ് | പടപ്പാടി തോട് -ചെക്ക് ഡാം സംരക്ഷണഭിത്തി നിർമ്മാണം – പൂർത്തീകരണം<br>197/19-20 |
| കരാറുകാരൻ | സജിദ് |
| ചെലവ് | 499707/- രൂപ വികസനഫണ്ട് |

| | |
|---|---|
| | ബിൽ നം 10/19-20 തീ9-5-2019 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

പ്രവൃത്തിയുടെ അളവ് പുസ്തകം പേജ് 2 ലെ രേഖപ്പെടുത്തലുകൾ പ്രകാരം 7-1-2019 ൽ 16 മണിക്കൂറും 8-1-2019 ൽ 16 മണിക്കൂറും അളവ് പുസ്തകം പേജ് 13 ലെ രേഖപ്പെടുത്തലുകൾ 8-2-19 ൽ 8 മണിക്കൂറും ഉൾപ്പെടെ 40 മണിക്കൂർ മോട്ടോർ ഉപയോഗിച്ച വെള്ളം വറ്റിക്കുന്ന പ്രവൃത്തി ചെയ്തിട്ടുണ്ട്. ആയത് 8-3-2019 ൽ ചെക്ക് മെഷർ ചെയ്തിട്ടുമുണ്ട്. എന്നാൽ ഫൈനൽ ബിൽ തയ്യാറാക്കിയപ്പോൾ 7-1-19, 8-1-19 തീയതികളിലായി 20 മണിക്കൂറും 8-2-19-ൽ 46 മണിക്കൂറും ഉൾപ്പെടെ 66 മണിക്കൂർ കണക്കാക്കിയാണ് കരാറുകാരന് തുക നല്കിയത്. ഡി എൽ ആറുകൾ ഫയലിൽ സൂക്ഷിച്ചിട്ടും ഇല്ല. അളവു പുസ്തകത്തിലെ രേഖപ്പെടുത്തലുകൾ യഥാസമയം നടത്തുന്നതായതിനാൽ 40 മണിക്കൂർ മാത്രമേ അംഗീകരിക്കാൻ കഴിയൂ. തെറ്റായി ബിൽ തയ്യാറാക്കിയതുമൂലമുള്ള അധികച്ചെലവ് ചുവടെ ചേർക്കുന്നു.

| | |
|---|---|
| 66 മണിക്കൂറിന് 266.25 രൂപ പ്രകാരം നല്കിയത് | 17572.50 |
| 40 മണിക്കൂറിന് 266.25 രൂപ പ്രകാരം നല്കാവുന്നത് | 10650.00 |
| അധികം നല്കിയത് | 6922.50 |

ഡി എൽ ആർ പരിശോധനക്ക് ലഭ്യമാക്കാനും അപാകതയിൽ വിശദീകരണം ലഭ്യമാക്കാനും ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം 02/19-20 ന് മറുപടി നല്കിയിട്ടില്ല. കരാറുകാരന് അധികം നല്കിയ തുക ബിൽ തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, മേൽപരിശോധന നടത്തിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കി സർക്കാരിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

1-19 ദീർഘീകരണത്തിന് അപേക്ഷപോലും നല്കാത്ത കരാറുകാരനിൽ നിന്നും ഈടാക്കിയത് നാമമാത്രപിഴ

| | |
|---|---|
| പ്രോജക്ട് | കൊമ്പുകുത്തി എസ് റ്റി കോളനിയിൽ എസ്.റ്റി. വനിതാ തൊഴിൽ പരിശീലന കേന്ദ്രം,177/19-20 |
| കരാറുകാരൻ | ജോൺസൺ ഫിലിപ്പ് |
| ചെലവ് | 606802/- രൂപ വികസനഫണ്ട് (സ്പിൽ ഓവർ ഉൾപ്പെടെ ആകെ ചെലവ്)<br>77994/- ബിൽ നം 19/19-20 തീ9-5-2019<br>154441/- ബിൽ നം 32/19-20 തീ16-7-2019<br>374367/- (2018-19) |
| നിർവ്വഹണഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ ജോൺസൺ ഫിലിപ്പ് എന്ന കരാറുകാരൻ 26-3-2018 ൽ ഏറ്റെടുത്ത പ്രവൃത്തി 4 മാസത്തിനുള്ളിൽ തീർക്കേണ്ടതായിരുന്നു. എന്നാൽ അളവു പുസ്തക പ്രകാരം പൂർത്തിയായത് 29-1-2019 ലാണ്. കരാർ പ്രകാരം യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാൽ ഈടാക്കേണ്ട ഫൈൻ ചുവടെ പറയും പ്രകാരമായിരുന്നു.

| | | |
|---|---|---|
| | | ഫൈൻ |
| സൈറ്റ് കൈമാറിയത് | 26-3-2018 | |
| പൂർത്തീകരിക്കേണ്ടിയിരുന്നത് (4മാസം) | 26-7-2018 | |
| 20% ഫൈൻ ഇല്ലാതെ കാലാവധി നീട്ടി നല്കാം (24 ദിവസം) | 19-8-2018 | |
| തുടർന്ന് 3 മാസം പി എ സി യുടെ 1% പിഴ ഈടാക്കി (പി എ സി 606802/- രൂപ) | 19-11-2018 | 6068 |
| തുടർന്ന് 3 മാസം പി എ സി യുടെ 2% പിഴ, (പൂർത്തിയായ തീയതി) | 29-1-2019 | 12136 |
| ആകെ | | 18204 |

എന്നാൽ പ്രവൃത്തി ദീർഘീകരണത്തിന് അപേക്ഷ പോലും നല്കാത്ത കരാറുകാരന് അവസാന ബിൽ തുകയായ 154441/- ന്റെ 1% തുകയായ 1544/- രൂപ മാത്രം ഫൈനായി ഈടാക്കി അവസാന തുക നല്കി. കരാർ വ്യവസ്ഥകൾ പ്രകാരമല്ലാതെ നാമമാത്ര തുക ഫൈനീടാക്കിയതിന് (18204 -1544 = 16660/- രൂപ കുറവ്) വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം 03/19-20/30.04.2022-ന് മറുപടി നല്കിയില്ല. നിയമാനുസൃതം ഇടാക്കാമായിരുന്ന ഫൈൻ തുകയിൽ കുറവ് വന്ന 16660 രൂപ കരാറുകാരനിൽ നിന്നും ഈടാക്കി ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കേണ്ടതാണ്.

1-20 റോഡ് ടാറിംഗ് പ്രവൃത്തി-കാലി ബാരലിന്റെ വില ഈടാക്കിയില്ല

കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിൽ 2019-20 വർഷം റോഡ് ടാറിംഗ് പ്രവൃത്തികൾ നടപ്പിലാക്കിയപ്പോൾ പായ്ക്ക്ഡ് ബിറ്റുമിന്റെ വിലയാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി നല്കിയിരിക്കുന്നത് . ഈ സാഹചര്യത്തിൽ കാലി ബാരൽ സ്ഥാപനത്തിന് അവകാശപ്പെട്ടതും ആയത് വിറ്റ് ലഭിക്കുന്ന തുക ബിറ്റുമിൻ വാങ്ങുന്നതിന് ഉപയോഗിച്ച ഫണ്ടിലേക്ക് തിരികെ അടക്കേണ്ടതുമാണ്. എന്നാൽ 2019-20 ൽ നിർവ്വഹണം നടത്തിയ റോഡ് ടാറിംഗ് പ്രവൃത്തികളുടെ ഫൈനൽ ബിൽ നല്കിയപ്പോൾ ബാരൽ വില (ജി എസ് റ്റി സഹിതം) ഈടാക്കിയതായി കാണുന്നില്ല. ഈടാക്കേണ്ടിയിരുന്ന തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തി | കരാറുകാരൻ | ഉപയോഗിച്ച ബാരലുകളുടെ എണ്ണം | വില | ജി എസ് റ്റി | ആകെ |
|---|---|---|---|---|---|---|
| 1 | വെളിച്ചിയാനി-പാലപ്ര റോഡ്, 184/19-20 | അജേഷ് കുമാർ | 19 | 4522 | 814 | 5336 |
| 2 | ബ്ലോക്ക് പടി-നെടുങ്ങാട് റോഡ് 232/19-20 | ടോമി തോമസ് | 25 | 5950 | 1071 | 7021 |
| | ആകെ | | | | | 12357 |

അപാകതയിൽ വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം 01/2019-20/ 30.04.2022-ന് മറുപടി നല്കിയില്ല. കരാറുകാരിൽ നിന്നും 12357/- രൂപ ഈടാക്കി ബിറ്റുമിൻ വാങ്ങാൻ ഉപയോഗിച്ച ഫണ്ടിലേക്കും ജി എസ് റ്റി ബന്ധപ്പെട്ട ശീർഷകത്തിലും

അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

1-21 ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് മുചക്രവാഹനം-വാഹനം നിയമാനുസൃതം ഉപയോഗിക്കുന്നു എന്ന് ഉറപ്പ് വരുത്തിയില്ല.

ശാരീരിക വൈകല്യമുള്ളവർക്ക് സ്വയം പര്യാപ്തത, ജീവിത നിലവാരം മെച്ചപ്പെടുത്തൽ, സമൂഹത്തിൽ നിന്നുള്ള ഒറ്റപ്പെടുത്തൽ ഒഴിവാക്കൽ എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി ചൈൽഡ് ഡവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ , കാഞ്ഞിരപ്പള്ളി നിർവ്വഹണ ഉദ്യോഗസ്ഥയായി 2019-20 സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവറായി നടപ്പിലാക്കിയ പദ്ധതിയാണ് ഭിന്നശേഷിക്കാർക്ക് മുച്ചക്രവാഹനം, പ്രോജക്ട് നമ്പർ നം.180/19-20. ഇത് പ്രകാരം ശ്രീ. കെ ജി മോഹനൻ, ശ്രീമതി പൊന്നമ്മ ബേബി എന്നീ ഗുണഭോക്താക്കൾക്കാണ് വാഹനം നൽകിയിട്ടുള്ളത്. [അടങ്കൽ- 156000 (വികസനഫണ്ട് - ജനറൽ) , ചെലവ് - 156000 (ബിൽനമ്പർ.1/2019-20 തീയതി- 10.05.19) ] .

ചൈൽഡ് ഡവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ, ICDS Additional Project മുണ്ടക്കയം നിർവഹണ ഉദ്യോഗസ്ഥയായി 2019-20 സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവറായി നടപ്പിലാക്കിയ പദ്ധതികളാണ് ഭിന്നശേഷിക്കാർക്ക് മുച്ചക്രവാഹനം (റ്റി എസ് പി), പ്രോജക്ട് നമ്പർ നം.203/19-20 [അടങ്കൽ- 78000 (വികസനഫണ്ട് -റ്റി എസ് പി) , ചെലവ് - 78000 (ബിൽനമ്പർ.1/2019-20 തീയതി- 30.05.19) ] , ഭിന്നശേഷിക്കാർക്ക് മുച്ചക്രവാഹനം (എസ് സി പി ), പ്രോജക്ട് നമ്പർ നം.193/19-20 [ അടങ്കൽ- 78000 (വികസനഫണ്ട് -എസ് സി പി) , ചെലവ് - 78000 (ബിൽനമ്പർ.4/2019-20 തീയതി - 24.07.19) ] എന്നിവ. ഇത് പ്രകാരം യഥാക്രമം ശ്രീ. പി ഇ മാധവൻ, ശ്രീമതി അന്ന എം ഡി എന്നീ ഗുണഭോക്താക്കൾക്കാണ് വാഹനം നൽകിയിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ചുവടെ സൂചിപ്പിച്ച അപാകതകൾ ശ്രദ്ധയിൽപ്പെട്ടു .

ഓഡിറ്റിന് ലഭ്യമാക്കിയ അപേക്ഷയോടൊപ്പം ആനുകൂല്യം ലഭിച്ചവർക്ക് വാഹനം ഓടിക്കുന്നതിനുള്ള ലൈസൻസ്, വാഹനം രജിസ്റ്റർ ചെയ്ത സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല. പ്രോജക്ട് നിർവഹണ സമയത്ത് ഗുണഭോക്താക്കൾക്ക് ലേണേഴ്സ് ലൈസൻസ് മതിയായിരുന്നെങ്കിലും പിന്നീട് പരാമർശിത ഗുണഭോക്താക്കൾക്ക് ഡ്രൈവിംഗ് ലൈസൻസ് ലഭിച്ചിട്ടുണ്ടോ എന്ന് നിർവഹണ ഉദ്യോഗസ്ഥ ഉറപ്പാക്കിയതായി കാണുന്നില്ല. അനുവദിക്കപ്പെട്ട വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഭിന്നശേഷിക്കാർക്ക് വിതരണത്തിന് തയ്യാറാക്കിയ വാഹനം സൈഡ് വീൽ ഘടിപ്പിച്ചാണോ രജിസ്ട്രേഷന് നല്കിയതെന്ന് എന്നും വാഹന രജിസ്ട്രേഷൻ "അഡാപ്റ്റഡ് വെഹിക്കിൾ" എന്ന ഇൻവാലിഡ് ക്യാരിയേജ് കാറ്റഗറിയിലാണ് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത് എന്നും ഉറപ്പിക്കുവാൻ കഴിഞ്ഞില്ല .

കേന്ദ്ര മോട്ടോർ വാഹന നിയമപ്രകാരം വാഹനത്തിന്റെ ഘടനയിൽ മാറ്റം വരുത്തുമ്പോൾ രജിസ്റ്ററിംഗ് ഉദ്യോഗസ്ഥനിൽ നിന്നും മുൻകൂർ ആയോ മാറ്റം വരുത്തി പതിനാല് ദിവസത്തിനുള്ളിലോ അനുമതി വാങ്ങേണ്ടതും ആയത് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇത്തരത്തിൽ രജിസ്ട്രേഷൻ നടത്താത്ത വാഹനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതല്ല (സെക്ഷൻ.52, 149(iii) എന്നിവ കാണുക). ഗുണഭോക്താക്കളുടെ ലൈസൻസ് രജിസ്ട്രേഷൻ വിവരങ്ങൾ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണകുറിപ്പുകൾക്ക് (നം.10/2019-20 തീയതി-04.05.22, നം.11/2019-20 തീയതി-

04.05.22 ) സിഡിപിഒ മറുപടി നൽകിയില്ല .

ഗുണഭോക്താക്കൾ ട്രൈസ്കൂട്ടർ നിയമാനുസൃതമായ രീതിയിൽ ഉപയോഗിക്കുന്നു എന്ന് ബോധ്യപ്പെടുന്നതിനായി ആനുകൂല്യം ലഭിച്ച 4 ഗുണഭോക്താക്കളുടെയും ലൈസൻസ്, വാഹനം ഭിന്നശേഷിക്കാർക്ക് ഉപയോഗിക്കത്തക്ക വിധം നിയമാനുസൃതം രജിസ്ട്രേഷൻ നടത്തിയതിന്റെ രേഖകൾ എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ് .

## 1-22 കുഴൽകിണർ നിർമ്മാണം പൂർത്തിയായില്ല- ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് നം. 22/19-20

നിർവ്വഹണ ഉദ്യോഗസ്ഥൻ – ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി

വണ്ടൻപതാൽ, കൂട്ടിക്കൽ, കാഞ്ഞിരപ്പള്ളി ഡിവിഷനുകളിൽ കുഴൽകിണർ നിർമ്മാണത്തിനായി ഭൂജലവകുപ്പിന് 375000/- രൂപ വികസനഫണ്ട്, ബിൽ നം.937398/12-12-19 പ്രകാരം കൈമാറുകയുണ്ടായി. സ്ഥാപനവുമായി കരാർ വച്ചിട്ടില്ല. നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുമില്ല. പ്രോജക്റ്റ് ലക്ഷ്യപ്രാപ്തി കൈവരിക്കാത്തതിനാൽ മേൽ പ്രോജക്ടിനായുള്ള 375000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-23 കരാറുകാരുടെ നിക്ഷേപം മടക്കി നല്കുന്നത് - നടപടിക്രമങ്ങളിൽ അപാകത.

ബ്ലോക്ക് പഞ്ചായത്തിൽ കരാറുകാർ വിവിധ നിക്ഷേപങ്ങൾ നടത്തുമ്പോൾ ശീർഷകം മാറി വരവു ചേർക്കുന്നുണ്ട്. ഉദാഹരണത്തിന് ചോറ്റി, പാലത്ര, ചെമ്പുകുഴി തൊഴിൽ പരിശീലകേന്ദ്രം ഇലക്ട്രിഫിക്കേഷൻ വർക്കിന് അഗസ്റ്റിൻ മാത്യു എന്നയാൾ നിരതദ്രവ്യം 11890/- രൂപ നല്കിയത് വരവ് ചേർത്തത് യഥാർത്ഥ ശീർഷകത്തിലും തിരികെ നല്കിയപ്പോൾ (വൗച്ചർ നമ്പർ 7-5/19-20) ചെലവ് രേഖപ്പെടുത്തിയത് കരാറുകാരുടെ സെക്യൂരിറ്റി നിക്ഷേപം ശീർഷകത്തിലുമാണ്. ഇത്തരം സാഹചര്യത്തിൽ തുക അടച്ച രസീത് ഹാജരാക്കാതെ റീഫണ്ട് നടത്തുന്നത് ക്രമക്കേടുകൾക്ക് വഴിവെക്കുന്നതാണ്. (രസീത് ഹാജരാക്കി നിരതദ്രവ്യം മടക്കി ആവശ്യപ്പെട്ടാൽ നൽകേണ്ടി വരും).

വൗച്ചർ നമ്പർ 9-7/19-20 ചെക്ക് നമ്പർ SB/XY 0671329 തീ 27-7-2019 പ്രകാരം 11882/- രൂപ ഷാജിമോൻ മാത്യു എന്ന കരാറുകാരന് സെക്യൂരിറ്റി നിക്ഷേപം മടക്കി നല്കുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. കരാറുകാരുടെ സെക്യൂരിറ്റി നിക്ഷേപം ശീർഷകത്തിൽ നിന്ന് ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട് എങ്കിലും തുക വരവ് സംബന്ധിച്ച വിവരം ലഭ്യമല്ല . കരാറുകാരൻ തുക അടവാക്കിയ രസീത് ഹാജരാക്കാതെ തുക മടക്കി നല്കിയതിലൂടെ വരവ് സംബന്ധിച്ച വ്യക്തത ഉണ്ടായിട്ടില്ല.

തുക അടവാക്കിയ രസീത് തിരികെ വാങ്ങാതെ നിക്ഷേപ തുക മടക്കി നല്കിയതിനുള്ള വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം 5/19-20 /30.04.2022-ന് നല്കിയ മറുപടിയിൽ ആവശ്യമായ ക്രമീകരണം നടത്തുമെന്ന് അറിയിച്ചു. വിശദമായ പരിശോധന നടത്തി ബാധ്യത കണക്കിൽ വരവ് ചേർത്തിട്ടുള്ള തുക മാത്രമാണ് മടക്കി നല്കിയിട്ടുള്ളത് എന്ന് ഉറപ്പ് വരുത്തേണ്ടതും ഭാവിയിൽ സമാന രീതിയിലുള്ള അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.